**KERALA STATE WAREHOUSING CORPORATION**
(Established By Government of Kerala)
**കേരള സംസ്ഥാന വെയർഹൗസിംഗ് കോർഷറേഷൻ**
(കേരള സർക്കാരിനാൽ സ്ഥാപിതം)

നം.കെ.എസ്.ഡബ്ളിയു.സി./ കൺസ്ട്രക്ഷൻ./എസ്.ഡബ്ള്യ/മുതലമട/2023-24 തീയതി. 12/04/2023

ഓഫീസ് കെട്ടിടം പൊളിച്ച് വിൽപ്പനയ്ക്ക്

ക്വട്ടേഷൻ/ലേലപരസ്യം
സ്ഥലം സ്റ്റേറ്റ് വെയർഹൗസ്, മുതലമട

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് വേണ്ടി മുതലമട വെയർഹൗസിലെ പുതിയ ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റേണ്ടതായിട്ടുണ്ട്. പ്രസ്തുത കെട്ടിടം പൊളിച്ച് കൊണ്ടുപോകുന്നതിന ജി.എസ്.ടി യും പാനമുള്ള കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ മുദ്രവച്ച കവറിൽ അസിസ്റ്റന്റ് മാനേജർ, സംസ്ഥാന വെയർഹൗസ്, മുതലമട എന്ന വിലാസത്തിൽ 24.04.2023 പകൽ 11 മണി വരെ സ്വീകരിക്കുന്നതായിരിക്കും. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായ 1000/- രൂപ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിൽ എറണാകുളത്തു മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ തുക മുതലമട വെയർഹൗസിൽ അടച്ച രസീതായോ അടക്കം ചെയ്യേണ്ടതാണ്. പരസ്യ ലേലത്തിൽ പങ്കെടുക്കുന്നവർക്ക് അന്നേ ദിവസം 11 മണി വരെ മുതലമട വെയർഹൗസിൽ നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. പരസ്യ ലേലത്തിനുശേഷം ആയിരിക്കും ക്വട്ടേഷനുകൾ തുറക്കുന്നത്. ലേലം/ക്വട്ടേഷൻ ഇവയിൽ ഏറ്റവും കൂടിയ തുക രേഖപ്പെടുത്തുന്ന വ്യക്തി, വിലയുടെ 50% അന്നേ ദിവസം അടയ്ക്കേണ്ടതുമാണ്.

ലേലം/ ക്വട്ടേഷനുകൾ അന്തിമ തീരുമാനത്തിന് വെയർഹൗസിംഗ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിക്കുന്നതും മാനേജിംഗ് ഡയറകടറുടേ അംഗീകാരം കിട്ടിയ ശേഷം ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. പ്രസ്തുത വിവരം അംഗീകരിക്കപ്പെട്ട വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും അറിയിപ്പ് കിട്ടി ഒരാഴ്ചക്കുള്ളിൽ നിയമാനുസൃത നികുതിയടക്കം ബാക്കി തുകയും അടയ്ക്കേണ്ടതുമാണ്. അനുമതി ലഭിച്ച് 7 ദിവസങ്ങൾക്കുള്ളിൽ കെട്ടിടം മൊത്തമായും പൊളിച്ച് നീക്കം ചെയതിരിക്കേണ്ടതാണ്.

കെട്ടിടം പൊളിച്ച് മാറ്റുമ്പോൾ കോർപ്പറേഷൻ വസ്തുവകകൾക്ക് യാതൊരു കേടുപാടും സംഭവിക്കാൻ പാടില്ലാത്തതും അല്ലാത്ത പക്ഷം ആയതിന്റെ വില പാർട്ടിയിൽ നിന്നും ഈടാക്കുന്നതാണ്. ക്വട്ടേഷൻ സംബന്ധമായ വിവരങ്ങൾ മുതലമട വെയർഹൗസിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും പകൽ 9.30 മണി മുതൽ 5.30 മണി വരെ ലഭ്യമാണ്. ക്വട്ടേഷനുകളിലോ/ ലേലത്തിലോ അന്തിമ തീരുമാനം എടുക്കുവാനുള്ള പൂർണ്ണ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും

മാനേജിംഗ് ഡയറക്ടർ

പകർപ്പ്

നോട്ടീസ് ബോർഡ്, സംസ്ഥാന വെയർഹൗസ്, മുതലമട
സോണൽ ഓഫീസ്, തലശേരി
റീജിയണൽ ഓഫീസ്, പാലക്കാട്
നോട്ടീസ് ബോർഡ്,ഹെഡ്ഡാഫീസ്.